**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2672** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ടിലെ തുക വിനിയോഗിച്ച് 25 ലക്ഷം രൂപവരെയുള്ള കുടിവെള്ള പദ്ധതികൾ ജില്ലാതലത്തിൽ നടപ്പിലാക്കി വരുന്നു. 25 ലക്ഷത്തിനു മുകളിലുള്ള പദ്ധതികൾ സർക്കാർ അനുമതിയോടെ നടപ്പിലാക്കുന്നു. 2016-17വർഷം മുതൽ 2019-20 വരെ 285 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ജലവിഭവ വകുപ്പിന്റെ കുടിവെള്ള പദ്ധതികളുള്ള സ്ഥലങ്ങളിലെ പട്ടികജാതി കോളനികൾക്ക് പ്രത്യേകമായി പൈപ്പ് ലൈനുകളും പൊതുടാപ്പുകളും സ്ഥാപിക്കുന്നതിന് ഫണ്ട് നൽകുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇപ്രകാരമുള്ള പദ്ധതികൾ നിലവിൽ വകുപ്പ് വിഭാവനം ചെയ്തിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുവാൻ അനുമതിയുണ്ട്. |

സെക്ഷൻ ഓഫീസർ